**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** **17-09-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് സാരികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ലോക പ്രശസ്തമായ കാസർഗോഡ് സാരികളുടെ ഉൽപ്പാദനത്തിനും വിപണനത്തിനുമായി എന്തൊക്കെ പദ്ധതികളാണ് ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് വകുപ്പ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ ശ്രമഫലമായി ഭൗമസൂചിക പദവി ലഭിച്ചിട്ടുള്ള 'കാസർഗോഡ് സാരീസ്' മാർക്കറ്റിംഗ് പ്രൊമോഷനായി വ്യവസായ വകുപ്പിന്റെ GI ഉൽപ്പന്നങ്ങളുടെ വെബ്സൈറ്റായ gikerala.in-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മേൽ ഉൽപ്പന്നത്തിന്റെ മാർക്കറ്റിംഗ് പിന്തുണയ്ക്കായി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് ഉദുമ താജ് ഹോട്ടലിൽ തറിയും ഉൽപ്പന്നത്തിനുമായി പ്രദർശന സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ കാസർ ഗോഡ് സാരി വാങ്ങുന്നവർക്ക് ഓണർഷിപ്പ് കാർഡ് നൽകി വരുന്നു. സാരി നെയ്യുന്ന 20 നെയ്ത്തുകാർക്ക് കണ്ണൂർ വീവേഴ്സ് സർവ്വീസ് സെന്ററിന്റെ നേതൃത്വത്തിൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്.<br><br>കൂടാതെ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രദർശന മേളകളിൽ പങ്കെടുക്കുന്നതിന് അവസരം ഒരുക്കിയും പങ്കെടുക്കുന്നതിന് ചെലവായ തുക എക്സിബിഷൻ ഗ്രാന്റായി അനുവദിച്ച നൽകുന്നുണ്ട്. |
| (ബി) | കാസർഗോഡ് സാരികളുടെ ഉല്പാദകർക്ക് എന്തെങ്കിലും തരത്തിലുള്ള ധനസഹായം നൽകി വരുന്നുണ്ടോയെന്ന വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ കൈത്തറി വ്യവസായവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾക്ക് നൽകുന്ന എല്ലാ ധനസഹായങ്ങളും കാസർഗോഡ് സാരിസ് ഉദ്പ്പാദിപ്പിക്കുന്ന വർക്കും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ